(11) കുന്നുമ്മേൽ ബേബി എന്ന ആളിനെ വെട്ടിപ്പരിക്കേൽപ്പിച്ച സംഭവം

ശ്രീ. ടി. എം. ജേക്കബ് : സർ, പിറവം നിയോജകമണ്ഡലത്തിൽ 15-2-2001-ൽ നടന്ന ഒരു സംഭവമാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 14-ാം തീയതി രാത്രി 12 മണിക്ക് പാമ്പാക്കുടകരയിൽ കവലയിൽ സ്ഥിതി ചെയ്യുന്ന..... ഈ കേസുമായി ബന്ധപ്പെട്ട് ചാത്താനിക്കാട് വീട്ടിൽ കുര്യാക്കോസ് മകൻ തങ്കച്ചൻ എന്നു വിളിക്കുന്ന ജോസഫ് റോഡ് പുറം പോക്കിൽ പണിതിട്ടുള്ള ഷെഡ്ഡിൽ വാഹനം ഇടിച്ച് ഷെഡ്ഡിന് നാശം സംഭവിച്ചു. അതിനടുത്ത് കിഴക്ക് മാറി ചെറിയ വാടക വീട്ടിൽ താമസിക്കുന്ന ബേബി ഇറങ്ങി വരുമ്പോൾ ഉപദ്രവിക്കുന്നതിനുവേണ്ടിയും, അതേത്തുടർന്നു കെട്ടിടം പുതുക്കി പണിയുന്നതിനു വേണ്ടിയുമാണ് ഇപ്രകാരം പ്രവർത്തിച്ചിട്ടുള്ളത്. 14-2-2001-ൽ പുത്തൻ പാമ്പാക്കുട വലിയ പള്ളിയിൽ മാർക്കോസാർ എന്നയാളുടെ ശവസംസ്ക്കാര ചടങ്ങിൽ പങ്കെടുക്കുമ്പോൾ പാമ്പാക്കുട കരയിൽ ചാത്താനിക്കാട് വീട്ടിൽ ജോസഫ് മകൻ റോബി എന്നയാൾ നാളെയിവിടെ മറ്റൊരാളുടെ ശവസംസ്ക്കാരംകൂടി നടക്കുമെന്ന് പറഞ്ഞതായും മറ്റൊരു കൊല്ലന്റെ ആലയിൽനിന്നും വാക്കത്തി പണിയിക്കുകയും ചെയ്തതായും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 15-2-2001 വ്യാഴാഴ്ച രാവിലെ ബേബിയാണ് ഷെഡ് തകർത്തതെന്ന് പറഞ്ഞെങ്കിലും പിന്നീട് തിരുത്തുകയാണുണ്ടായത്. അന്ന് വൈകുന്നേരം 7.45-ന് ബേബി വാഴക്കുളത്ത് നിന്നും വന്ന് മേൽപ്പടിയാൻ താമസിക്കുന്ന വീട്ടിന് മുന്നിൽ മുറിയിൽ നിൽക്കുമ്പോൾ ഷെഡ്ഡിന് പുറത്ത് 6 പേർ കൂട്ടമായി നിൽക്കുകയായിരുന്നു. ഇവർ ബേബിയുടെ വീട്ടിൽ കയറി ബേബിയെ മാരകമായി വെട്ടിപ്പരിക്കേൽപ്പിച്ചു. അദ്ദേഹത്തിന്റെ തലയ്ക്ക് വെട്ടുണ്ട്; കഠാരകൊണ്ടുള്ള കുത്തുണ്ട്. കഴുത്തിന് വെട്ടേറ്റിട്ടുണ്ട്. കൈ ഒടിഞ്ഞിട്ടുണ്ട്. മാരകമായി പരിക്കേറ്റു. സംഭവം നടക്കുമ്പോൾ ഓടിയെത്തിയ അദ്ദേഹത്തിന്റെ മക്കളേയും വന്ന അക്രമികൾ ആക്രമിക്കുകയുണ്ടായി. ഇവർ വന്ന വാഹനം അവർക്ക് എടുത്തുകൊണ്ടുപോകാൻ കഴിയാതെവന്ന പശ്ചാത്തലത്തിൽ അതവിടെ ഉപേക്ഷിച്ചുപോയി. എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത് ഇങ്ങനെ ഒരാളെ കൊല്ലാൻ ശ്രമിച്ചിട്ട് കൊല പാതക ശ്രമത്തിന് കേസെടുക്കാതെ അവയിലബിളായിട്ടുള്ള ഒഫൻസസ് മാത്രം അവരുടെ പേരിൽ ചുമത്തിക്കൊണ്ട് കേസ്സെടുക്കുകയും യഥാർത്ഥ പ്രതികളെ രക്ഷിക്കുവാനുള്ള ശ്രമങ്ങൾ നടക്കുകയും ചെയ്യുന്നു. കൊല്ലാൻ ശ്രമിച്ചതിന് അവരുടെ പേരിൽ കേസ് എടുക്കുകയും പ്രതികൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ബേബി ഞങ്ങളുടെ പാർട്ടിയുടെ അവിടത്തെ മണ്ഡലം കമ്മിറ്റി പ്രസിഡന്റ് കൂടിയാണ്, യു.ഡി.എഫ്-ന്റെ കൺവീനറുമാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, പിറവം പാമ്പാക്കുട കരയിൽ കുന്നുമ്മേൽ ബേബിയേയും മക്കളേയും 15-2-2001 രാത്രി സദൻ, സ്വാദു യോഹന്നാൻ എന്നിവരുൾപ്പെടെ 14 പേർ ചേർന്ന് ദേഹോപദ്രവമേൽപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ബേബിയെ ചികിൽസയ്ക്കായി കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതു സംബന്ധിച്ച് രാമമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം 25/2001 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. 10 പ്രതികളെ 22-2-2001-ന് അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കി. മറ്റ് പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത നടപടി ത്വരിതപ്പെടുത്താൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 10 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(12) എസ്.സി/എസ്.ടി.ക്ക് ഭരണഘടനാപരമായ സംവരണാനുകൂല്യം ഉറപ്പാക്കണമെന്ന ആവശ്യം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, വളരെ പ്രധാനപ്പെട്ട ഗൗരവമേറിയ ഒരു പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ഭരണഘടനാപരമായി പ്രത്യേക പരിരക്ഷ മുൻ നിർത്തിയാണ് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക സമുദായക്കാർക്കും ഉദ്യോഗ നിയമനങ്ങളിൽ ജാതി സംവരണം നൽകുന്നത് . ഉദ്യോഗ നിയമനങ്ങളിൽ ജാതി സംവരണം പാലിക്കുന്നത് ഭരണത്തിൽ പങ്കാളിത്തം ലഭിക്കുന്നതിനു വേണ്ടിയാണ്. തൊഴിൽ ലഭിക്കുകയെന്ന ഉദ്ദേശം മാത്രം ലക്ഷ്യം വച്ചുകൊണ്ടല്ല. ജാതി സംവരണത്തിൽ ഉപസംവരണം ഏർപ്പെടുത്തിയത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക സമുദായങ്ങൾക്കും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യവും അവസരസമത്വവും ഉറപ്പാക്കാൻ വേണ്ടിയാണ്. 1951-ലെ തിരുവിതാംകൂർ-കൊച്ചി സർക്കാർ ഉത്തരവ് എസ് 215238/50/ സി.എസ്. തീയതി 17-9-1952 പ്രകാരം ആകെയുള്ള നിയമനങ്ങളുടെ 35 ശതമാനം ഈഴവ, മുസ്ലീം തുടങ്ങിയ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും 10 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഉപ സംവരണാടിസ്ഥാനത്തിലുള്ള ജാതി സംവരണം ഉറപ്പ് വരുത്തുന്നതിനുള്ളതായിരുന്നു. 27-7-1957-ലെ ജി. ഒ. നം: എസ് 2-41489/56 പി. ഡി. പ്രകാരം ഒ.ബി.സി.യുടെ ശതമാനം വർദ്ധിപ്പിച്ച് ഉപസംവരണം നിലനിർത്തിയപ്പോൾ പട്ടികജാതിക്കാരുടെ ഉപസംവരണം പുനഃസ്ഥാപിച്ചില്ല. അതിനാൽ പട്ടികജാതിക്കാരുടെ സാമൂഹ്യനീതിയും അവസര സമത്വവും ലഭ്യമാക്കാൻ നടപടിയുണ്ടാകുവാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തിനുശേഷം ഉപജാതികൾ അടിസ്ഥാനമാക്കി പട്ടികജാതി- പട്ടികവർഗ്ഗ സംവരണ വ്യവസ്ഥ നിലവിലുണ്ടായിരുന്നില്ല. ഭരണഘടനയിലും ഇപ്രകാരമൊരു വ്യവസ്ഥയില്ല. എന്നാൽ ഇത്തരത്തിലൊരു വ്യവസ്ഥ ഉണ്ടാക്കുന്നതിനുള്ള ശ്രമം അടുത്തകാലത്ത് ആന്ധ്രാപ്രദേശിൽ ഉണ്ടായിട്ടുള്ളതായി അറിയുന്നു. ഈ കാര്യത്തിൽ കിർത്താഡ്സ് നടത്തുന്ന പഠനറിപ്പോർട്ടും ആന്ധ്രാപ്രദേശിന്റെ അനുഭവങ്ങളും കണക്കിലെടുത്ത് വ്യക്തമായ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly